# ALL UNIONS / ASSOCIATIONS

## KERALA CIRCLE

സർക്കുലർ നം:1/2017 11-10-2007

# BSNL ജീവനക്കാരും ഓഫീസർമാരും അനിശ്ചിതകാല പണിമുടക്കിലേക്ക്

സഖാക്കളെ,

ശമ്പളപരിഷ്കരണം നിഷേധിക്കുന്ന നടപടിക്കെതിരെയും, പ്രത്യേക ടവർ കമ്പനി രൂപീകരിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചും അനിശ്ചിതകാല പണിമുടക്കടക്കമുള്ള പ്രക്ഷോഭ പരിപാടികൾക്ക് ഡൽഹിയിൽ ഒക്ടോബർ നാലിന് ചേർന്ന യൂണിയനുകളുടേയും അസോസിയേഷനുകളുടെയും സംയുക്ത യോഗം തീരുമാനമെടുത്തിട്ടുണ്ട്. താഴെപറയുന്ന സമരപരിപാടികൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളത്.

**2017 ഒക്ടോബർ 16 - പ്രതിഷേധ പ്രകടനം**

**2017 നവംബർ 16 - മനുഷ്യചങ്ങല**

**2017 ഡിസംബർ 12,13 - രണ്ട് ദിവസത്തെ പണിമുടക്ക്.**

**തുടർന്ന് അനിശ്ചിതകാല പണിമുടക്കം. തീയതി പിന്നീട് തീരുമാനിക്കും.**

**കേരളത്തിൽ പ്രകടനം 17 ന്:**

2017 ഒക്ടോബർ 11 ന് പി & ടി ഹൗസിൽ ചേർന്ന സംഘടനാ നേതാക്കളുടെ യോഗം കേരളത്തിൽ പ്രക്ഷോഭ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തു. ആഗസ്റ്റ് 21 ന് വീണ്ടും സംഘടനാ നേതാക്കളുടെ യോഗം ചേർന്ന് പ്രചരണ പരിപാടികൾക്ക് അന്തിമരൂപം നൽകും. **ഹർത്താലായതിനാൽ പ്രതിഷേധപ്രകടനം ഒക്ടോബർ 16 ന് പകരം ഒക്ടോബർ 17 ലേക്ക് മാറ്റി.** മുഴുവൻ ജീവനക്കാരെയും ഓഫീസർമാരെയും അണിനിരത്തി പ്രകടനം വൻ വിജയമാക്കണം. സർക്കിൾ സെക്രട്ടറിമാർ അതത് ജില്ലാസെക്രട്ടറിമാർക്ക് നിർദ്ദേശം നൽകണം. കേരളത്തിൽ BSNLEU, NFTE, NUBSNLW(FNTO), BSNLMS, SNEA, AIBSNLEA, SEWA BSNL, AIGETOA സംഘടനകളുടെ സംയുക്ത നേതൃത്വത്തിലാണ് പ്രക്ഷോഭം.

അഭിവാദനങ്ങളോടെ,
സർക്കിൾ സെക്രട്ടറിമാർ

**കെ.മോഹനൻ (BSNLEU)** **ടി.സന്തോഷ്കുമാർ (SNEA)**

**എസ്.പി.മോഹനകുമാർ ( NFTE)** **വി.ഷാജി ( AIBSNLEA)**

**കെ.വി.ജോസ്(FNTO)** **ബി.സുശീലൻ(SEWA BSNL)**

**ടി.വി.രാജീവൻ നായർ(BSNLMS)** **എസ്.സഹീർ(AIGETOA)**